**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3300** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തിക വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിത-ശിശുവികസന വകുപ്പിൽ പ്രവർത്തിച്ച വരുന്ന മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റിപതിനഞ്ച് അങ്കണവാടികൾക്കും കൂടി എത്ര ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ; | (എ) | വനിത-ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ച വരുന്ന മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റി പതിനഞ്ച് അങ്കണവാടികൾക്കും കൂടി 1327 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | അങ്കണവാടികളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തിക വർദ്ധിപ്പിച്ചിട്ടുണ്ടോ; വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | നിലവിലെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമമനുസരിച്ചാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിയ്ക്കുമ്പോൾ കേരളത്തിൽ ഇപ്പോൾ അനുവദിയ്ക്കപ്പെട്ടിട്ടുള്ള 33115 അങ്കണവാടികൾക്കായി 1327 സൂപ്പർവൈസർ തസ്തിക പര്യാപ്തമാണ്. |
| (സി) | അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സൂപ്പർവൈസേഴ്സിൻറെ എണ്ണം കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ശിശുവികസന പദ്ധതി ഓഫീസർ തസ്തികയ്ക്ക് സമാനമായി ബ്ലോക്ക് തലത്തിൽ വനിത വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ